# KTET Category-3
# Part-2

## Previous Year Paper
### Malayalam February
### 2019

# CATEGORY - III

## PART - 2

## Malayalam

## Question Numbers 41 to 70

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് തുടർന്നു കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക. **(41 മുതൽ 45 വരെ)**

മിഴിക്കു നീലാഞ്ജന പുഞ്ജമായും
ചെവിക്കു സംഗീതക സാരമായും
മെയ്യിന്നു കർപ്പൂരക പൂരമായും
പുലർന്നുവല്ലോ പുതുവർഷകാലം

കവിക്കു, കാമിക്കു, കൃഷീവലന്നു
കരൾക്കൊരാഹ്ലാദ രസംവളർത്തി
ആവിർഭവിപ്പൂ നവനീലമേഘം;
അഹോ കറുപ്പിൻ കമനീയഭാവം!

നഭഃസ്ഥലം മൂവടിയായളക്കാൻ
ഭാവിക്കുമിക്കാർ മുകിലിന്റെ മുമ്പിൽ
സഹർഷമായ് വീർപ്പുമടക്കി നില്പൂ
സമസ്ത ലോകങ്ങളുമൊന്നു പോലെ

വിശീത്തുടങ്ങി തരുശാഖതോറും
വീറോടു കൂത്താടിന വർഷവാതം
അതിൽ തുടിപ്പൂയുവഹൃത്തു, മാണ്ടു
മണ്ണിൽക്കിടക്കും മരവിച്ച വിത്തും

മേലേമദാൽ കാറ്റുകുലുക്കിടുമ്പോൾ
പുത്തൻ മഴത്തുള്ളികളോടു കൂടി
ഉതിർന്നു വീഴും നറുമാമ്പഴങ്ങ -
ളോടിപ്പെറുക്കുന്നിതിളം കിടാങ്ങൾ.

41. കറുപ്പിൻ കമനീയ ഭാവമെന്ന് വിശേഷിപ്പിക്കുന്നതെന്തിനെ ?

(A) പുതു വർഷകാലത്തെ

(B) നവനീലമേഘത്തെ

(C) സമസ്ത ലോകങ്ങളെ

(D) നറുമാമ്പഴങ്ങളെ

42. 'നഭഃസ്ഥലം മുവടിയായളക്കാൻ ഭാവിക്കുമിക്കാർ മുകിൽ' - ഈ പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നതെന്ത് ?

(A) മേഘങ്ങൾ ആകാശത്തു വ്യാപിക്കുന്നു

(B) മേഘങ്ങൾ കാറ്റിനൊപ്പം പായാനൊരുങ്ങുന്നു

(C) മേഘങ്ങൾ ദിവ്യത്വമാർജ്ജിക്കുന്നു

(D) മേഘങ്ങൾ ഭൂമിയിൽ പതിക്കാനൊരുങ്ങുന്നു

43. 'തരുശാഖ' വിഗ്രഹിക്കുന്നതെങ്ങനെ?

(A) തരുവും ശാഖയും

(B) തരുവാകുന്ന ശാഖ

(C) തരുവായ ശാഖ

(D) തരുവിന്റെ ശാഖ

44. 'ആഹ്ലാദത്തോടു കൂടി' എന്ന് അർത്ഥമുള്ള പ്രയോഗം ഏത്?

(A) വിറോടു കൂത്താടിന

(B) മദാൽ

(C) സഹർഷം

(D) കർപ്പൂരകപൂരം

45. കവിതയിലെ ആശയങ്ങളുമായി യോജിക്കാത്ത പ്രസ്താവന ഏത്?

(A) മഴക്കാലം കൃഷിവലൻമാരിൽ ആഹ്ലാദം വളർത്തുന്നു

(B) മഴക്കാലത്ത്, മണ്ണിലാണ്ടുകിടക്കുന്ന വിത്തുകൾ തുടിക്കുന്നു

(C) മഴക്കാലം കവികളുടെ കരൾ പിളർക്കുന്നു

(D) മഴത്തുള്ളികളോടൊപ്പം നറുമാമ്പഴങ്ങൾ ഉതിർന്നു വീഴുന്നു

ചുവടെ ചേർത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക. (46 മുതൽ 50 വരെ)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിൽ നഗര വത്കൃതവും വ്യവസായ വത്കൃതവുമായ അമേരിക്കയുടെ സവിശേഷമായ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിലാണ് ചെറുകഥ എന്ന സാഹിത്യരൂപം പിറന്നുവീണത്. ജീവിതത്തിനു തിരക്കേറുകയും ഉദാസീനമായ വിശ്രമവേളകൾ കുറയുകയും ചെയ്തു. വിക്ടോറിയൻ കാലഘട്ടത്തിൽ പുറത്തുവന്ന കൂറ്റൻ നോവലുകൾ വായിച്ചു രസിക്കാനുള്ള സാവകാശം അവർക്കില്ലാതായി. സാക്ഷരത വർധിക്കുകയും സാധാരണവായനക്കാരുടെ എണ്ണം ഏറുകയും ചെയ്തു. പത്രമാസികകളുടെ തിരുപ്പുറപ്പാടും ഈ സാഹിത്യരൂപത്തിന്റെ ആവിർഭാവത്തിനും വികാസത്തിനും സഹായകമായി. ചെറുകഥ എന്ന സാഹിത്യ രൂപം എക്കാലവും പ്രകാശിതമാവുന്നതും നിലനിൽക്കുന്നതും ആനുകാലികങ്ങളിലൂടെ ആണല്ലോ. സമയം ധനമായിക്കാണുന്ന ഒരു ജനത അവരുടെ ഹ്രസ്വമായ വിശ്രമ വേളകൾ സാർത്ഥകമാക്കാൻ കണ്ടെത്തിയ സാഹിത്യ രൂപമാണ് ചെറുകഥ എന്ന ധാരണ പ്രബലമാണ്. ചെറുകഥയ്ക്ക് അതിൽ കവിഞ്ഞൊരു പാരമ്പര്യമുണ്ടോ എന്ന ചോദ്യം പലരും ഉന്നയിച്ചിട്ടുണ്ട്. ഇതിഹാസങ്ങളിലും നാടോടി സാഹിത്യത്തിലും ബൃഹൽക്കഥാ സാഗരത്തിലും ബൈബിളിലുമൊക്കെ ചെറുകഥയുടെ പൂർവ്വരൂപം തേടുന്നവരുണ്ട്. ചെറുകഥയ്ക്കും ഈ ബൃഹദ്കഥകൾക്കും തമ്മിലുള്ള നൈസർഗ്ഗിക ബന്ധം അവയുടെ കഥാത്മകതയാണ്. കഥപറയാനും കേൾക്കാനുമുള്ള താല്പര്യം മനുഷ്യന്റെ

സഹജവാസനയാണ്. അതുകൊണ്ട് പഴയ കാലത്തെ കഥകളിൽ ചെറുകഥയുടെ പൂർവരൂപം തേടുന്നതിൽ അത്രവലിയ യുക്തി ഒന്നുമില്ലെന്നതാണ് സത്യം.

46. താഴെപ്പറയുന്നവയിൽ ചെറുകഥയുടെ ആവിർഭാവ വികാസങ്ങൾക്കു സഹായകമാകാത്ത ഘടകം ഏത് ?

(A) വ്യവസായവൽക്കരണം

(B) സാക്ഷരത

(C) പത്രമാസികകൾ

(D) പാരമ്പര്യം

47. 'നൈസർഗിക ബന്ധം' എന്നതിനു സമാനമായ മറ്റൊരു പ്രയോഗം ഏത് ?

(A) ഉദാസീനത

(B) സഹജവാസന

(C) ജൈവഘടന

(D) പൂർവ്വരൂപം

48. ചെറുകഥയുടെ ജനനം എന്ന അർത്ഥത്തിൽ ഖണ്ഡികയിൽ പ്രയോഗിക്കാത്ത പദം ഏത് ?

(A) ആനുകാലികം

(B) പിറന്നുവീഴുക

(C) തീരുപ്പുറപ്പാട്

(D) ആവിർഭവിക്കുക

49. ലേഖകന്റെ കാഴ്ചപ്പാടിൽ ബൃഹദ് കഥയ്ക്കും ചെറുകഥയ്ക്കും പൊതുവായുള്ളത് എന്താണ് ?

(A) വലിപ്പക്കുറവ്

(B) സാർത്ഥകത

(C) കഥാത്മകത

(D) യുക്തിരാഹിത്യം

50. ഖണ്ഡികയിലെ ആശയങ്ങളോട് യോജിക്കാത്ത പ്രസ്താവന ഏത് ?

(A) ചെറുകഥാ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആനുകാലികങ്ങൾ സഹായിച്ചു

(B) വിക്ടോറിയൻ കാലഘട്ടത്തിനു പിന്നാലെ ചെറുകഥ ആവിർഭവിച്ചു

(C) ചെറുകഥയുടെ പൂർവ്വരൂപം ബൃഹദ്കഥകളിലുണ്ട്

(D) കഥകേൾക്കാൻ മനുഷ്യർക്ക് ജന്മ സഹജമായ താല്പര്യമുണ്ട്

51. ശ, ഷ, സ എന്നി അക്ഷരങ്ങൾ ഉൾപ്പെടുന്ന വിഭാഗം ?

(A) ഘോഷങ്ങൾ

(B) ഊഷ്മാക്കൾ

(C) മധ്യമങ്ങൾ

(D) അതിഖരങ്ങൾ

52. മലയാള കഥാസാഹിത്യത്തിലെ മോപ്പസാങ് എന്നു വിശേഷിപ്പിക്കുന്നത് ആരെ ?

(A) തകഴി ശിവശങ്കരപ്പിള്ള

(B) പി. കേശവദേവ്

(C) വൈക്കം മുഹമ്മദ് ബഷീർ

(D) പി.സി. കുട്ടികൃഷ്ണൻ

53. 'ഉഷ്ണരാശി-കരപ്പുറത്തിന്റെ ഇതിഹാസം' എന്ന നോവലിന്റെ രചയിതാവ് ആര് ?

(A) എസ്. ഹരീഷ്

(B) കെ. ആർ. മീര

(C) ഇ. സന്തോഷ്കുമാർ

(D) കെ.വി. മോഹൻകുമാർ

54. വാക്യ ഘടനയിൽ ദോഷമാകാത്ത ഘടകം ഏത് ?

(A) ആദിമധ്യാന്തപ്പൊരുത്തം

(B) സങ്കീർണ്ണത

(C) അർത്ഥസന്ദിഗ്ദ്ധത

(D) ഘടനാവൈകല്യം

55. 'തെറ്റു ചെയ്താൽ ഉടൻ ശിക്ഷ' എന്ന അർത്ഥത്തിൽ പ്രയോഗിക്കാവുന്ന പഴഞ്ചൊല്ല് ഏത്?

(A) താൻകുഴിച്ച കുഴിയിൽ താൻതന്നെ വീഴും

(B) വിനാശകാലേ വിപരീത ബുദ്ധി

(C) കൊടുത്താൽ കൊല്ലത്തും കിട്ടും

(D) പാടത്തെ പണിയ്ക്കു വരമ്പത്തു കൂലി

56. നാലപ്പാട്ട് നാരായണമേനോൻ രചിച്ച വിലാപകാവ്യം ഏത് ?

(A) കരഞ്ഞു കാലം പോക്കാൻ

(B) വിട

(C) പ്രരോദനം

(D) കണ്ണുനീർത്തുള്ളി

57. 'സംസാരസാഗരം' എന്ന സമസ്തപദത്തെ വിഗ്രഹിക്കുന്നതിനു സമാനമായി വിഗ്രഹിക്കാവുന്ന പദമേത് ?

(A) തേങ്ങാപ്പൂള്

(B) ദശാവതാരം

(C) ശത്രുസംഹാരം

(D) ജീവിതനൗക

58. താഴെപ്പറയുന്നവയിൽ ഭാഷാവൃത്തം ഏത്?

(A) മഞ്ജരി

(B) മാലിനി

(C) പഞ്ചചാമരം

(D) മന്ദാക്രാന്ത

59. താഴെപ്പറയുന്നവയിൽ കുമാരനാശാന്റേതല്ലാത്ത കൃതി ഏത് ?

(A) കൊച്ചുസീത

(B) നളിനി

(C) ലീല

(D) ചണ്ഡാലഭിക്ഷുകി

60. ചുവടെ ചേർത്തിരിക്കുന്നവയിൽ ശരിയായ ചിഹ്നങ്ങൾ ചേർത്ത വാക്യം ഏത്.

(A) 'നീ എവിടെപ്പോകുന്നു' എന്ന് എന്നോട് അദ്ദേഹം ചോദിച്ചു

(B) നീ എവിടെപ്പോകുന്നു! എന്ന്, എന്നോട് അദ്ദേഹം ചോദിച്ചു

(C) നീ എവിടെപ്പോകുന്നു എന്ന് എന്നോട് അദ്ദേഹം ചോദിച്ചു?

(D) നീ എവിടെപ്പോകുന്നു, എന്ന് എന്നോട് അദ്ദേഹം ചോദിച്ചു!

61. 'സമുദായസ്ഥിതി' എന്ന സമസ്തപദം ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ?

(A) സമുദായമാകുന്ന സ്ഥിതി

(B) സമുദായത്തിലെ സ്ഥിതി

(C) സമുദായവും സ്ഥിതിയും

(D) സമുദായം കൊണ്ടുള്ള സ്ഥിതി

62. 'അളവ്' എന്നർത്ഥം വരുന്ന പദമേത് ?

(A) പരിണാമം

(B) പരിണാഹം

(C) പരിമാണം

(D) പരിഹാര്യം

63. 'സാഹിത്യമഞ്ജരി' എഴുതിയതാര് ?

(A) നാലാങ്കൽ കൃഷ്ണപിള്ള

(B) അക്കിത്തം അച്യുതൻ നമ്പൂതിരി

(C) ഉള്ളൂർ. എസ്. പരമേശ്വരയ്യർ

(D) വള്ളത്തോൾ നാരായണ മേനോൻ

64. ചുവടെ ചേർത്തിരിക്കുന്നവയിൽ ശരിയായി എഴുതിയിരിക്കുന്ന പദം ഏത് ?

(A) അവുധി

(B) അഷ്ടമി

(C) ആഥിത്യം

(D) ആണത്വം

65. 'ദിക് + അന്തം' സന്ധി ചെയ്യുമ്പോൾ കിട്ടുന്ന ശരിയായ രൂപം ഏത്?

(A) ദിഖന്തം

(B) ദിക്കന്തം

(C) ദികന്തം

(D) ദിഗന്തം

66. താഴെപ്പറയുന്നവയിൽ കഥകളിച്ചടങ്ങുകളിൽപ്പെടാത്തതേത് ?

(A) തോടയം

(B) തിരനോട്ടം

(C) ഭരതവാക്യം

(D) മേളപ്പദം

67. താഴെ ചേർത്തിരിക്കുന്നവയിൽ ആശയവ്യക്തതയും ഘടനാഭംഗിയും ചേർന്ന വാക്യം ഏത് ?

(A) ലോകമാകെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം . വർധിച്ചു മുന്നേറുന്നു

(B) ഖലീഫ ഉമർ വേഷപ്രച്ഛന്നനായി പ്രജകൾക്കിടയിൽ സഞ്ചരിച്ചു.

(C) പഠനപ്രക്രിയ ശിശുകേന്ദ്രീകൃതമാകേണ്ടത് വിദ്യാഭ്യാസ രംഗത്തെ പരിവർത്തനോന്മുഖമായ മാറ്റങ്ങൾക്ക് അവശ്യം അനിവാര്യമാണ്

(D) ആനത്താഴമുണ്ടാൽ അരക്കാതം നടക്കണം എന്ന പഴമക്കാരുടെ പറച്ചിൽ മികച്ച പഴഞ്ചൊല്ലിന് ഉദാഹരണമാണ്.

68. താഴെപ്പറയുന്നവയിൽ 'ചതിപ്രയോഗം' എന്ന അർത്ഥം ലഭിക്കാത്ത ശൈലി ഏത്?

(A) ഒളിയമ്പെയ്യുക

(B) പിന്നിൽ നിന്നു കുത്തുക

(C) ചെണ്ടകൊട്ടിക്കുക

(D) കാലുവാരുക

69. 'നിന്റടുത്ത്' എന്ന പദം ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?

(A) നിൻ + അടുത്ത്

(B) നിന്റെ + അടുത്ത്

(C) നി + അടുത്ത്

(D) നിന്റ് + അടുത്ത്

70. 'Even worms will bite' - എന്ന ഇംഗ്ലീഷ് പഴഞ്ചൊല്ലിന് സമാനമായി മലയാളത്തിലെ പഴഞ്ചൊല്ല് ഏത്?

(A) പാമ്പിന് പാലൂട്ടരുത്

(B) നീർക്കോലി കടിച്ചാൽ അത്താഴം മുടങ്ങും

(C) അളമുട്ടിയാൽ ചേരയും കടിക്കും

(D) കടിച്ചപാമ്പിനാൽ വിഷമിറക്കുക

-o0o-